**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 679** **17-09-2025 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി തൊഴിലാളികളും ജീവനക്കാരും നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കശുവണ്ടി വികസന കോർപ്പറേഷനിലും ക്യാപക്സിലും ജോലി ചെയ്യുന്ന കശുവണ്ടി തൊഴിലാളികളും ജീവനക്കാരും നേരിടുന്ന കടുത്ത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രതിസന്ധി തുടർച്ചയായി ജോലി ലഭിക്കുന്നതിന് ആവശ്യമായ തോട്ടണ്ടിയുടെ ദൗർലഭ്യമാണ്. ഇത് പരിഹരിക്കുന്നതിന് സർക്കാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന തോട്ടണ്ടി ലഭ്യമാക്കിയാണ് നിലവിൽ കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സി ന്റേയും ഫാക്ടറികൾ പ്രവർത്തിക്കുന്നത്. 2025-26 വർഷം 15768.254 മെടിക് ടൺ തോട്ടണ്ടി കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 11325.695 മെടിക് ടണ്ണും കാപ്പെക്സിന് 4442.559 മെടിക് ടണ്ണും നൽകിയിട്ടുണ്ട്. ഇതുപയോഗിച്ച് നടപ്പ സാമ്പത്തിക വർഷം ഇതുവരെ 53 തൊഴിൽ ദിനങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. നിലവിൽ കോർപ്പറേഷനിൽ ലഭ്യമായ തോട്ടണ്ടി ഉപയോഗിച്ച് തുടർച്ചയായി 2026 മെയ് മാസം വരെ ജോലി നൽകാൻ കഴിയുന്നതാണ്.<br><br>അതുപോലെ കാപ്പക്സിൽ ഈ സാമ്പത്തിക വർഷം ഇതിനകം 69 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പൂർണ്ണമായും തൊഴിൽ നൽകുന്നതിനുള്ള തോട്ടണ്ടി കാഷ്യൂ ബോർഡ് വഴി കാപ്പെക്സ് സംഭരിച്ചിട്ടുണ്ട്. 2025 ജൂൺ മാസം മുതൽ ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിച്ചു വരുന്നു. ഇപ്പോഴത്തെ നിലയിൽ ഇനി 115 ദിവസവും കൂടി തൊഴിൽ നൽകുവാൻ ആവശ്യമായ തോട്ടണ്ടി കാപ്പക്സിന്റെ കൈവശം ലഭ്യമാണ്. |
| (ബി) | തൊഴിലാളികൾക്കും ജീവനക്കാർക്കും ന്യായമായ വേതന പരിഷ്കരണത്തിനും ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ക്ഷാമബത്ത പരിഷ്കരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി തൊഴിലാളികളുടെ മിനിമം വേജസ്സ് പുതുക്കി 09.02.2024-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 23% കൂലി വർദ്ധനവ് ഇപ്രകാരം 12.02.2024 മുതൽ കാഷ്യൂ കോർപ്പറേഷനിൽ നടപ്പാക്കി. വിവിധ സെക്ഷനുകളിൽ വർദ്ധിപ്പിച്ച് നൽകിയിട്ടുള്ള കൂലി നിരക്കുകൾ ചുവടെ പറയും പ്രകാരമാണ്. |

| സെക്ഷൻ | നിലവിലുണ്ടായിരുന്ന കൂലി (രൂപ) | വർദ്ധിപ്പിച്ച് നൽകിയത് (രൂപ) |
|---|---|---|
| **പീസ് റേറ്റുകാരുടെ നിരക്ക്** | | |
| ഷെല്ലിംഗ് | 36.19 (1Kg) | 54.79 (1Kg) |
| പീലിംഗ് | 46.03 (1Kg) | 69.71 (1Kg) |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>പീലിംഗ് (തല്ല പൊടി)</td><td>31.63</td><td>47.90 (1Kg)</td></tr>
<tr><td>മെക്കനൈസ്ഡ് പീലിംഗ്</td><td>-</td><td>16.82 (1Kg)</td></tr>
<tr><td colspan="3">ദിവസ ശമ്പളക്കാരുടെ കൂലി</td></tr>
<tr><td>ഗ്രേഡിംഗ്</td><td>285</td><td>422.55</td></tr>
<tr><td>വിവിധയിനം മൈക്കാട്ടുകൾ</td><td>291.71</td><td>430.85</td></tr>
<tr><td>ജനറൽ മൈക്കാട്</td><td>312</td><td>455.76</td></tr>
<tr><td>ഹെഡ്ലോഡ് വർക്കർ</td><td>345.75</td><td>497.27</td></tr>
<tr><td>മെക്കാനിക് ബ്ലാക്ക്സ്മിത്ത്</td><td>379.50</td><td>538.78</td></tr>
</table>
കശുവണ്ടി വികസന കോർപ്പറേഷനിൽ കൊല്ലത്തെ വിലനിലവാരസൂചികയെ അടിസ്ഥാനപ്പെടുത്തി എല്ലാ വർഷവും ജനുവരി, ജൂലൈ മാസങ്ങളിൽ ക്ഷാമബത്ത (ഡി.എ) പരിഷ്കരിച്ച് തൊഴിലാളികൾക്കും ജീവനക്കാർക്കും നൽകി വരുന്നു. ക്ഷാമബത്ത ഇതുവരെ കോർപ്പറേഷനിൽ മുടങ്ങിയിട്ടില്ല.
കോർപ്പറേഷനിലെ സ്റ്റാഫ് ജീവനക്കാരുടെ നിലവിലുള്ള ശമ്പള കരാറിന്റെ കാലാവധി 31.07.2022ൽ അവസാനിച്ചിട്ടുള്ളതാണ്. ജീവനക്കാ രുടെ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ചർച്ചകൾ IRC യിൽ നടന്നു വരുന്നു. കൂടാതെ ശമ്പള പരിഷ്കരണം നീണ്ട്പോകുന്ന സാഹചര്യം കണക്കിലെടുത്ത് ഹെഡോഫീസ് ജീവനക്കാർക്ക് പ്രതിമാസം 3000/- രൂപ വീതവും ഫാക്ടറി സ്റ്റാഫ് ജീവനക്കാർക്ക് 2500/- രൂപ വീതവും ഇടക്കാല ആശ്വാസം നൽകി വരുന്നുണ്ട്.
കാപ്പക്സിലും തൊഴിലാളികളുടെ മിനിമം കൂലി 09.02.2024 ലെ സർക്കാർ വിജ്ഞാപന പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ഫാക്ടറി ജീവനക്കാർക്ക് പ്രതിമാസം 2500 രൂപ നിരക്കിലും, ഹെഡ്ഡോഫീസ് ജീവനക്കാർക്ക് 3000 രൂപ നിരക്കിലും 2024 ഓഗസ്റ്റ് മാസം മുതൽ അഡ്ഹോക്ക് ആയി നൽകി വരുന്നുണ്ട്. കാപ്പക്സ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നിലവിൽ IRCയുടെ പരിഗണനയിലാണ്. ക്ഷാമബത്തയും യഥാസമയം നൽകി വരുന്നുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>കശുവണ്ടി മേഖലയിൽ അടച്ചുപൂട്ടിയ ഫാക്ടറികളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായവും ഉത്സവ സഹായവും നൽകുന്നതിനും അവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?</td>
<td>(സി)</td>
<td>
നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് മുഖേന ഒരു വർഷത്തിലേറെയായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2025 ഓണത്തോടനുബന്ധിച്ച് 2,500/ - രൂപ വീതം 13835 തൊഴിലാളികൾക്ക് ആകെ 3,45,87,500/ - രൂപ ധനസഹായം നൽകിയിട്ടുണ്ട്.
കശുവണ്ടി മേഖലയിലെ പ്രതിസന്ധി മൂലം കടക്കെണിയിലാകുകയും അടച്ചു പൂട്ടിയതുമായ ഫാക്ടറി ഉടമകളെ സഹായിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി 'ഒറ്റത്തവണ തീർപ്പാക്കൽ' (OTS) പദ്ധതി നടപ്പിലാക്കിയിരുന്നു. സർക്കാർ പ്രഖ്യാപിച്ച 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയിൽ 31.03.2021 വരെ നിഷ്ക്രിയ ആസ്തി (NPA) ആയ കശുവണ്ടി വ്യവസായികളുടെ ലോൺ അക്കൗണ്ടുകൾ പരിഗണിച്ചിരുന്നു.
</td>
</tr>
</table>

| | | | |
|---|---|---|---|
| | | | ഇതിൽ OTS സ്വീകരിക്കുന്ന അവസാന തീയതി 31.03.2022 വരെ എന്നുള്ളത് സർക്കാർ ആവശ്യപ്പെട്ടതു പ്രകാരം 31.12.2024 വരെ ദീർഘിപ്പിച്ചു നൽകുകയും ഇത് 31.12.2025 വരെ ദീർഘിപ്പിച്ചു നൽകാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ബാങ്കുകളോടും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയോടും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ